25/04/2026

SATURDAY ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor:** SINDHU. K S **Editor:** Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

ff


GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314


## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 25/04/2026

1. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള റഫ്ത്താർ അഗ്രി ബിസിനസ് ഇൻക്യൂബേറ്റർ (RABI) വഴി കാർഷിക സംരംഭകത്വ വികസനത്തിന് പിന്തുണ നൽകുന്ന വിവിധ പദ്ധതികളിലേക്ക് അപേക്ഷ ക്ഷണിച്ചു. KAU RAISE 2026 (Realising and Augmenting Innovations for Start-up Enterprises) എന്ന അഗ്രിപ്രണർഷിപ്പ് ഓറിയന്റേഷൻ പ്രോഗ്രാമും, "KAU PACE 2026" (Promotion of Agriculture through Commercialization and Entrepreneurship) എന്ന സ്റ്റാർട്ടപ്പ് ഇൻക്യൂബേഷൻ പ്രോഗ്രാമുമാണ് നടപ്പിലാക്കുന്നത്. കാർഷിക മേഖലയിലെ പുതുമയാർന്ന ആശയങ്ങളുള്ള യുവാക്കൾക്കും വിദ്യാർത്ഥികൾക്കും അവരുടെ ആശയങ്ങളെ പ്രോട്ടോടൈപ്പുകളാക്കി വികസിപ്പിക്കാനും സംരംഭങ്ങളാക്കി മാറ്റാനും ഈ പദ്ധതികൾ വഴി അവസരം ലഭിക്കും. RAISE 2026 പദ്ധതിയിലൂടെ തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ആശയങ്ങളെ പ്രോട്ടോടൈപ്പുകളാക്കി വികസിപ്പിക്കുന്നതിനായി ₹5 ലക്ഷം വരെ ഗ്രാന്റും, വിദ്യാർത്ഥികൾക്ക് ₹4 ലക്ഷം വരെ ധനസഹായവും ലഭിക്കും; വിള സംരക്ഷണം, ഭക്ഷ്യ സംസ്

കരണ മേഖല, കാർഷിക വിതരണ ശൃംഖല വികസനം, കൃത്യതാ കൃഷി (Precision Farming), ജൈവ കൃഷി, കാർഷിക യന്ത്രവൽക്കരണം, കാർഷിക മേഖലയിലെ കൃത്രിമ ബുദ്ധിയുടെ പ്രയോഗങ്ങൾ, നൈസർഗിക വിഭവ സംരക്ഷണം എന്നിവ ഉൾപ്പെടുന്ന വിവിധ കാർഷിക അനുബന്ധ മേഖലകളിലെ പുതുമയാർന്ന ആശയങ്ങൾക്ക് പദ്ധതിയിൽ മുൻഗണന നൽകും. "PACE 2026" പദ്ധതിയിൽ ഇതിനകം പ്രോട്ടോടൈപ്പ് ഘട്ടത്തിൽ എത്തിയ സ്റ്റാർട്ടപ്പുകൾക്ക് വിപണിയിലേക്ക് എത്തുന്നതിനും വ്യാപാരവത്കരണത്തിനുമായി ₹25 ലക്ഷം വരെ ധനസഹായം ലഭ്യമാക്കുന്നു. അപേക്ഷകൾ 2026 മേയ് 16-ന് വൈകുന്നേരം 4 മണി വരെ ഓൺലൈൻ ഫോമുകൾ വഴിയോ അല്ലെങ്കിൽ ഇമെയിൽ മുഖേനയോ സമർപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് rabi.kau.in എന്ന വെബ് സൈറ്റ് സന്ദർശിക്കുകയോ rabi@kau.in എന്ന ഇമെയിലിലേക്കോ ബന്ധപ്പെടാവുന്നതാണ്; ഫോൺ: 9778436265, 0487-2438332.

2. മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിൽ പച്ചക്കറികളായ മുളക്, വെണ്ട. വഴുതന പാവയ്ക്ക. കുമ്പളം, പടവലം. പയർ. ചീര മത്തൻ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എന്നിവയുടെ വിത്തുകളും ജൈവ നിയന്ത്രണോപാധികളായ സ്യൂഡോമോണാസ്, ട്രൈക്കോഡർമ, അയർ, പച്ചക്കറിയിലും നെല്ലിലും ഉപയോഗിക്കുന്ന സമ്പൂർണ്ണ. ട്രൈക്കോഡർമ സമ്പുഷ്ടികരിച്ച ചാണക വളം. ട്രൈക്കോഡർമ സമ്പുഷ്ടീകരിച്ച ആട്ടിൻകാഷ്ടം. സമ്പുഷ്ടീകരിച്ച ചകിരിച്ചോറ് കമ്പോസ്റ്റ്, വെർമിക്കമ്പോസ്റ്റ്, പച്ചക്കറി തൈകൾ ആയ ക്യാബേജ് കോളിഫ്ലവർ ബ്രോക്കോളി, മുളക്, വഴുതന, തക്കാളി എന്നിവയും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0487-2370726 എന്ന നമ്പരിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടി

3. വെള്ളായണി കാർഷിക കോളേജിലെ കെ-അഗ്ടെക് ലോഞ്ച്പാഡിന്റെ ആഭിമുഖ്യത്തിൽ "ഡ്രോൺ ക്രാഫ്റ്റ്" എന്ന വിഷയത്തിൽ 3 ദിവസത്തെ പ്രായോഗിക പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ഏപ്രിൽ 28, 29, 30 തീയതികളിൽ തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന കെ-അഗ്ടെക് ലോഞ്ച്പാഡിൽ വച്ചാണ് പരിശീലനം നടക്കുക. ഫ്യൂസലേജ് ഇന്നൊവേഷന്സ് ആണ് പരിശീലന പങ്കാളികൾ. കാർഷിക രംഗത്ത്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഡ്രോണുകളുടെ പ്രയോഗം, ക്രോപ്പ് മോണിറ്ററിംഗ്, പ്രിസിഷൻ ഫാർമിംഗ്, ഡ്രോൺ അസംബ്ലി & കോൺഫിഗറേഷൻ തുടങ്ങിയ വിഷയങ്ങളിൽ ശാസ്ത്രീയ അറിവും പ്രായോഗിക പരിശീലനവും നൽകുന്നതാണ് പരിപാടിയുടെ പ്രധാന ലക്ഷ്യം. കൂടാതെ പങ്കെടുക്കുന്നവർക്ക് നേരിട്ടുള്ള ഡ്രോൺ ഫ്ലയിംഗ് അനുഭവവും വിദഗ്ധർ നയിക്കുന്ന ക്ലാസുകളും ലഭ്യമാകും. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്ക് മാത്രമാണ് പ്രവേശനം. മുൻപരിചയം ആവശ്യമില്ല. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ ₹3000 രജിസ്ട്രേഷൻ ഫീസ് അടച്ച് താഴെ നൽകിയിരിക്കുന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്യാവുന്നതാണ്: https://forms.gle/DGV8ByeY1vvHnLih8 കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9995624888 ഈ മെയിൽ വിലാസം info@kagtechlaunchpad.com

## കാർഷിക നിർദേശം

4. ഇഞ്ചി, മഞ്ഞൾ – വിത്തിനായി സൂക്ഷിച്ച വച്ചിരിക്കുന്ന ഇഞ്ചി, മഞ്ഞൾ എന്നിവയിൽ കേടുള്ളവ തിരിഞ്ഞു മാറ്റണം. ഏപ്രിൽ മാസം അവസാനം, മെയ് മാസം ആരംഭത്തോടെ (കാർത്തിക

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഞാറ്റുവേലയുടെ ഒന്നാം പാദം) ഇഞ്ചി നടാം. നട്ടുന്നതിന് മുൻപ് ഇഞ്ചി വിത്ത് വഴി രോഗമോ കീടമോ പകരാതിരിക്കാൻ ഒരു ലിറ്റർ വെള്ളത്തിൽ രണ്ട് മില്ലി ക്വിനാൽഫോസ്, 3 ഗ്രാം മാങ്കോസെബ് എന്നീ മരുന്നുകൾ ലയിപ്പിച്ച അതിൽ വിത്തുകൾ അരമണിക്കൂർ മുക്കിയിടണം. അതിന് ശേഷം നിരത്തിയിട്ട് കാറ്റ് കൊണ്ട് ഉണങ്ങിയ ശേഷം നടാനായി ഉപയോഗിക്കാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം